**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2848** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും പ്രാപ്യതയും വർദ്ധിപ്പിക്കാനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (എ) | നൂറ് ദിവസത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൌകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് “Let’s go digital” എന്ന ക്യാമ്പയിൻ സർക്കാർ തുടക്കം കുറിച്ചു. കേരളത്തിലെ മുഴവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യയനം, പഠനം, വിലയിരുത്തൽ, പരീക്ഷ ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. LMS നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപന തലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ പരിശീലന പരിപാടി നടത്തുന്നുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി./ പി.ജി. പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ കൗൺസിലിന്റെ വെബ് പോർട്ടലിൽ "ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ നടത്താൻ സാധിക്കാതെ വന്നിട്ടുള്ള സ്റ്റഡി ടൂർ, ടീച്ചിങ് പ്രാക്ടീസ് മുതലായവയ്ക്ക് മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി കോഴ്സ് പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സൗകര്യം ഒരുക്കി നൽകിയിട്ടുണ്ട്. ഡോ. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലയിൽ പഠന പ്രക്രിയ ഓൺലൈൻ വഴി നടപ്പി ലാക്കിയ സാഹചര്യത്തിൽ ഡിജിറ്റൽ ലേണിംഗ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് തങ്ങളുടെ താമസ സ്ഥലത്തിനടുത്തുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ഡിജിറ്റൽ സൗകര്യങ്ങൾ സൗജന്യമായി ഉപയോഗപ്പെടുത്താൻ സർവ്വകലാശാല തന്നെ അതിനുള്ള സൗകര്യം ചെയ്തു നൽകുകയുണ്ടായി. അക്കാദമിക് പ്രവർത്തനങ്ങളിലും പരീക്ഷ നടത്തിപ്പിലുമുള്ള പരാതികൾ പരിഹരിക്കുന്നതിനായി കോവിഡ് ഹെൽപ് ലൈൻ സേവനവും നടപ്പിലാക്കി. |
| (ബി) | യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈൻ ആയി നടത്തണമെന്ന നിർദ്ദേശം സർക്കാരിന് മുൻപിൽ വിദ്യാർത്ഥി സമൂഹം സമർപ്പിച്ചിരുന്നോ; | (ബി) | പരീക്ഷകൾ ഓൺലൈൻ ആയി നടത്തണമെന്ന് ഒരു വിഭാഗം വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിരുന്നു. |
| (സി) | എങ്കിൽ ഈ നിർദ്ദേശം പരിഗണിക്കാൻ വിസമ്മതിച്ചതിന് കാരണം വിശദമാക്കാമോ; | (സി) | കോവിഡ് സാഹചര്യത്തിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ സുരക്ഷിതവും സുതാര്യവുമായ രീതിയിൽ ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സോഫ്റ്റ് വെയറുകൾ വികസിപ്പിക്കുന്നതിനും, ഐ.ടി. സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കാലതാമസം, കോളേജുകളിലെ വിദ്യാർത്ഥികൾക്കെല്ലാം വീട്ടിലിരുന്ന് പരീക്ഷയെഴുതാനുള്ള സാഹചര്യമില്ലായ്മ, ഇങ്ങനെ നടത്തപ്പെടുന്ന പരീക്ഷയുടെ സുതാര്യത ഉറപ്പിക്കാൻ നിലവിൽ സംവിധാനമില്ലായ്മ തുടങ്ങിയവയാണ് യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈനായി നടത്താൻ പ്രതിബന്ധമായത്. തുടർന്നുള്ള കാലങ്ങളിൽ ഓൺലൈൻ പരീക്ഷകൾ നടത്തേണ്ടുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഭാവിയിലെ പരീക്ഷകൾ എപ്രകാരമായിരിക്കണമെന്നും മറ്റും തീരുമാനിക്കുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ രൂപീകരിക്കാനും തീരുമാനമായിട്ടുണ്ട്. |
| (ഡി) | യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈനായി നടത്താനുള്ള പ്രതിബന്ധങ്ങൾ എന്താണെന്ന് അറിയിക്കാമോ? | (ഡി) | കോവിഡ് സാഹചര്യത്തിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ സുരക്ഷിതവും സുതാര്യവുമായ രീതിയിൽ ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സോഫ്റ്റ് വെയറുകൾ വികസിപ്പിക്കുന്നതിനും, ഐ.ടി. സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കാലതാമസം, കോളേജുകളിലെ വിദ്യാർത്ഥികൾക്കെല്ലാം വീട്ടിലിരുന്ന് പരീക്ഷയെഴുതാനുള്ള സാഹചര്യമില്ലായ്മ, ഇങ്ങനെ നടത്തപ്പെടുന്ന |

| | | | |
|---|---|---|---|
| | | | പരീക്ഷയുടെ സുതാര്യത ഉറപ്പിക്കാൻ നിലവിൽ സംവിധാനമില്ലായ്മ തുടങ്ങിയവയാണ് യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈനായി നടത്താൻ പ്രതിബന്ധമായത്. തുടർന്നുള്ള കാലങ്ങളിൽ ഓൺലൈൻ പരീക്ഷകൾ നടത്തേണ്ടുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഭാവിയിലെ പരീക്ഷകൾ എപ്രകാരമായിരിക്കണമെന്നും മറ്റും തീരുമാനിക്കുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ രൂപീകരിക്കാനും തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ